milma

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
Kerala Co-operative Milk Marketing Federation Ltd.

**പത്രക്കുറിപ്പ്** **02.02.2023**

## സർക്കാരിന്റെ സേ നോ ടു ഡ്രഗ്സ് പ്രചാരണ പരിപാടിയ്ക്ക് പിന്തുണയുമായി മിൽമ അറ്റ് സ്കൂൾ പദ്ധതി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ 'സേ നോ ടു ഡ്രഗ്സ്' പ്രചാരണത്തിന് പിന്തുണയുമായി മിൽമ അറ്റ് സ്കൂൾ പദ്ധതി ആവിഷ്ക്കരിച്ചു. സംസ്ഥാനത്തൊട്ടാകെ 80ൽപ്പരം സ്കൂളുകളിലാണ് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ) ഈ പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നത്. ഫെഡറേഷന്റെ തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകളുമായി സഹകരിച്ചാണ് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നത്.

ഓരോ സ്കൂളുകളിലും അധ്യാപക-രക്ഷാകർതൃ സമിതികൾ മുഖാന്തരമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കാന്റീനുകൾ ഇല്ലാത്ത സ്കൂളുകളിൽ മിൽമ വിൽപന കേന്ദ്രങ്ങൾ തുടങ്ങും. കാന്റീനുകൾ ഉള്ള സ്കൂളുകളിൽ മിൽമയുടെ ഉത്പന്നങ്ങൾ ലഭിക്കുന്ന ബൂത്തുകൾ പിടിഎയുടെ സഹകരണത്തോടെ നടപ്പാക്കും. കുട്ടികൾ സ്കൂളുകൾക്ക് പുറത്തു പോയി ഐസ്ക്രീം, ശീതളപാനീയങ്ങൾ തുടങ്ങിയ ലഘുഭക്ഷണ (ഉത്പന്ന)ങ്ങൾ വാങ്ങുന്നത് ഒഴിവാക്കുകയാണ് ഇതിന്റെ ലക്ഷ്യം. സ്കൂൾ കുട്ടികൾ അജ്ഞാതരുമായി ഇടപെടുന്നത് ഒഴിവാക്കാനും ജങ്ക് ഫുഡിന്റെ പിടിയിൽ നിന്ന് കുട്ടികളെ പിന്തിരിപ്പിക്കാനുമാണ് ഈ പ്രചാരണ പരിപാടിയുടെ ലക്ഷ്യം.